രാജ്യാന്തര ചലച്ചിത്രമേള
വാർത്താക്കുറിപ്പ്
IFFK 2007
Media Centre, IFFK 2007, Thiruvananthapuram - 695 010
Ph: 0471-2115111, 2310323, 2312214 Fax: 0471-2338326, E-mail: iffkmedia07@gmail.com

105/iffkmedia/07
12.12.2007

## രാജ്യാന്തര ചലച്ചിത്രമേള

# കണ്ടുമതിയാവാത്ത സിനിമകൾക്ക് ചർച്ചകളിലൂടെ പുനരവതരം കിട്ടിയ ദിവസം

ബാൽക്കൻ ചിത്രങ്ങൾ മേളയിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട ദിനമായിരുന്നു ബുധനാഴ്ച. ഒപ്പം, മേള അവസാനിക്കാൻ രണ്ടു ദിവസം മാത്രം ബാക്കി നിൽക്കെ നിരന്തരമായ സിനിമ കാണലിന്റെ ആലസ്യത്തെ സിനിമാ ചർച്ചകൾ സജീവമാക്കിയ ദിനം. പോയ ദിനരാത്രങ്ങളിൽ കണ്ടു നിറഞ്ഞ സിനിമകൾ സുഹൃദ്സംഘങ്ങളിലും ചെറുവേദികളിലും ചർച്ചകളിലൂടെ പുനരവതരിക്കുകയായിരുന്നു.

മൂന്നുരാജ്യങ്ങളുടെ സംയുക്ത സംരംഭമായി 2004 ൽ ജെർജി സുവാനി എടുത്ത ഡിയർ എനിമി രാഷ്ട്രീയ അനിശ്ചിതത്വവും അധിനിവേശ പരമ്പരകളും നേരിടുന്ന ഏതു സമൂഹത്തിന്റെയും സ്വത്വം നഷ്ടപ്പെട്ടുപോകുന്നതിന്റെ ചിത്രം വരച്ചു കാട്ടി. ചെറുത്തു നില്പിനുപകരം നിലനില്പിനുവേണ്ടി അധിനിവേശത്തിന്റെ ശക്തികളോട് കാലാകാലം ചേർന്നു നിൽക്കുകയും അതേ സമയം സ്വന്തം ജനതയുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന നിസ്സഹായർ. ഒടുവിൽ നാടു സ്വതന്ത്രമാകുമ്പോൾ അവർ രാജ്യദ്രോഹികളാകുന്നതിലെ അയുക്തി ലോക രാഷ്ട്രീയത്തിലെ സത്യത്തിന്റെ മുഖം തന്നെയാകുന്നു.

ബാൽക്കൻ ജനതയുടെയാകെ ഉള്ളിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ഒരു ഈണമേറുന്ന പാട്ടിന്റെ പിറവിയെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് അഡില പീവയുടെ ഹൂസ് സോങ് ഈസ് ദിസ്. നെഡ്സാദ് ബെഗോവിക്കിന്റെ ടോട്ടലി പേഴ്സണൽ, ആന്ദ്രെ സ്റ്റാകയുടെ ഡസ് ഫ്രൌളിൻ തുടങ്ങിയ ചിത്രങ്ങളും ബാൽക്കൻ പാക്കേജിൽ ബുധനാഴ്ച പ്രേക്ഷകരെ ആകർഷിച്ചു.

പതിവുപോലെ ലാറ്റിനമേരിക്കയിൽ നിന്നുള്ള ചിത്രങ്ങളും മുഖ്യ ചർച്ചാവിഷയമായിരുന്നു. ലാറ്റിനമേരിക്കൻ സംവിധായിക ഇസബെൽ ഠകായിക്സെന്റെ മൈ ലൈഫ് വിത്തൗട്ട് മീ തികച്ചും വ്യത്യസ്തമായി കൈകാര്യം ചെയ്തിരിക്കുന്നു. ക്യാൻസറാണെന്നു തിരിച്ചറിയുന്നതോടെ ജീവിതം ദുഖത്തിലേയ്ക്കു വഴുതിമാറുന്ന 23 കാരി, ശേഷിച്ച രണ്ടു മാസം തനിക്ക് ആഗ്രഹമുള്ള കാര്യങ്ങൾ സാധിക്കാൻ വേണ്ടി ആസൂത്രിതമായി ഉപയോഗിക്കുന്നതും അതിനൊടുവിൽ എത്തിച്ചേരുന്ന മറ്റൊരു പ്രണയവുമൊക്കെയായി ചിത്രം വികസിക്കുന്നു.

വിവിധ വിഭാഗങ്ങളിലായി ആറു ലാറ്റിനമേരിക്കൻ ചിത്രങ്ങൾ ബുധനാഴ്ച പ്രദർശിപ്പിച്ചു. രാഷ്ട്രീയവും ജീവിതവുമെല്ലാം തികഞ്ഞ ചരിത്ര യാഥാർത്ഥ്യ ബോധങ്ങളുടെ ആവിഷ്ക്ക

രിക്കപ്പെടുന്ന ഈ ചിത്രങ്ങളുടെ കരുത്തും കാമ്പും മലയാളി പ്രേക്ഷകർക്കു വ്യത്യസ്ത അനുഭവമായി. കരിം അയ്നസിന്റെ സൂലി ഇൻ ദ സ്കൈ ആവർത്തന പ്രദർശനമായിരുന്നിട്ടും ധാരാളം പേരെ ആകർഷിച്ചു.

ജൂവാൻ മാനുവേലിന്റെ മെക്സിക്കൻ ലഘുചിത്രം ഫിനും സുഖ്റോവ് ചിത്രം അലക്സാൻഡ്രയും കൈരളി തീയറ്ററിൽ ഒന്നിച്ചാണു പ്രദർശിപ്പിച്ചത്. സിനിമാ വിദ്യാർത്ഥികൾ ധാരാളം ഈ പ്രദർശനം കണ്ടു. റൂബൻ ഇമാസിന്റെ മെക്സിക്കൻ ചിത്രമായ ടർട്ടിൽ ഫാമിലിക്കും ആവർത്തന പ്രദർശനമായിരുന്നിട്ടും തിരക്കുണ്ടായിരുന്നു. അകാൻ കോയിക്കിന്റെ എന്റ് ഓഫ് ദ ലൈഫ് എന്ന ഹ്രസ്വ ചിത്രവും ശ്രദ്ധിക്കപ്പെട്ടു.

ഫിലിപ്പീൻസ് ചിത്രമായ കാസ്ക്കെറ്റ് ഫോർ ഹയർ മരണാനന്തര കർമ്മങ്ങൾ ചെയ്യുന്നവരുടെ ഒരു തെരുവിലെ അരാജക ജീവിതവും അതു മറ്റുള്ളവരുടെ ജീവിതത്തിനു ബുദ്ധിമുട്ടാകുന്നതും അതിൽ ഭരണകൂടം ഇടപെടുന്നതുമാണ് ആവിഷ്ക്കരിക്കുന്നത്. പച്ചയായ ജീവിതത്തിന്റെ പകർപ്പാണീ ചിത്രം.

മത്സരവിഭാഗത്തിൽ ഏഴു ചിത്രങ്ങൾ പ്രദർശിച്ചതിൽ പലതും ആവർത്തന പ്രദർശനമായിരുന്നു. അമേരിക്കൻ അധിനിവേശാന്തര ഇറാക്കിൽ കുർദുകൾ നേരിടുന്ന രാഷ്ട്രീയ സാമൂഹ്യസ്വത്വ സംഘർഷത്തിന്റെ കഥയാണ് സദ്ദാം എന്ന അനാഥ ബാലനിലൂടെ ക്രോസിംഗ് ദ ഡസ്റ്റിൽ, സംവിധായകനായ ഷൗക്കത്ത് എകോർക്കി ചിത്രീകരിക്കുന്നത്.

റിട്രോസ്പെക്ടീവ്, സ്മൃതി വിഭാഗങ്ങൾക്കുപുറമെ, ഷാഡോസ്, ലോസ്റ്റ് ഇൻ ബീജിംഗ്, 10+4 തുടങ്ങിയ ചിത്രങ്ങളും പ്രേക്ഷക ശ്രദ്ധ നേടി. ബ്ലിസ്സിലെ മറിയയുടെ ധീരമായ സ്ത്രീത്വത്തെ നിരവധി പ്രേക്ഷകർ പ്രകീർത്തിക്കുന്നുണ്ടായിരുന്നു.

മലയാളത്തിലെ ഒരേ കടൽ, നാലുപെണ്ണുങ്ങൾ എന്നിവയുടെ പ്രദർശനത്തിൽ മറുഭാഷക്കാരായ പ്രേക്ഷകരായിരുന്നു കൂടുതൽ. ചലച്ചിത്ര അക്കാദമി ചെയർമാൻ കൂടിയായ കെ. ആർ. മോഹനന്റെ രണ്ടു പതിറ്റാണ്ടു മുമ്പത്തെ ശ്രദ്ധേയമായ ചിത്രം പുരുഷാർത്ഥം, പി. ഭാസ്ക്കരന്റെ മുറപ്പെണ്ണ് എന്നിവ കാണാനും മറുനാടൻ പ്രേക്ഷകർ പ്രത്യേക താല്പര്യം കാട്ടി.

എം. മാധവ് പ്രസാദ് നടത്തിയ ജി. അരവിന്ദൻ സ്മാരക പ്രഭാഷണവും സിനിമയും മാധ്യമവും എന്ന വിഷയം ചർച്ച ചെയ്ത ഓപ്പൺ ഫോറവും മേളയുടെ ഗൗരവം ഉയർത്തിയ പരിപാടികളായി..

ശേഷിച്ച രണ്ടു ദിവസം പരമാവധി നല്ല ചിത്രങ്ങൾ കാണാനായി വിനിയോഗിക്കുക എന്ന ഉദ്ദേശ്യത്തോടെ പരസ്പരം സംസാരിച്ച് ചിത്രങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ശേഖരിക്കുന്നതു പരക്കെ കാണാമായിരുന്നു. മത്സര ചിത്രങ്ങൾക്കായുള്ള ഓട്ടമത്സരത്തിനിയിലും ലോക സിനിമക്കൊൾപ്പം ഇന്നത്തെ ഇന്ത്യൻ സിനിമേയും മലയാള സിനിമയുടെ മേള പ്രാതിനിധ്യത്തേയും കണ്ടറിയുന്നതിനും പൊതുവെ നല്ല തിരക്കായിരുന്നു

********